# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2088 — 01.02.2018 - ൽ മറുപടിക്ക്

## ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സുമാരുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.ഇ.എസ്.ബിജിമോൾ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സുമാരുടെ ഗ്രേഡ് 2, ഗ്രേഡ് 1 അനുപാതം 2:1 എന്നത് 1:1 എന്നാക്കിയപ്പോൾ പ്രവേശന കേഡറായ ഗ്രേഡ് 2 ൽ വന്ന 932 തസ്തികകളുടെ നഷ്ടം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | എ) & ബി) | സ.ഉ(എം.എസ്)നം.18/12(37)/ധന തീയതി, 09.01.2012 പ്രകാരം ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2, ഗ്രേഡ് 1 അനുപാതം 2:1 ൽ നിന്നും 1:1 ആക്കി മാറ്റിയപ്പോൾ അനുവദിക്കപ്പെട്ട തസ്തികകളിൽ യാതൊരു തസ്തിക നഷ്ടവും സംഭവിച്ചിട്ടില്ല. |
| ബി) | ജെ.പി.എച്ച്.എൻ.മാർ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നേതൃത്വം നൽകുന്നവരായതുകൊണ്ട് അടുത്ത മഴക്കാല പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഇവരുടെ സേവനം ലഭ്യമാകുന്ന വിധത്തിൽ പ്രസ്തുത തസ്തിക നഷ്ടം പരിഹരിക്കുമോ; | | |
| സി) | ജെ.പി.എച്ച്.എൻ. ഗ്രേഡ് 2, ഗ്രേഡ് 1 തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ ജില്ലാ റാങ്ക് ലിസ്റ്റുകളിൽ നിന്നും നികത്തിയിരുന്നത് നിർത്തലാക്കിയ 14.06.2017, 02.01.2018 തീയതികളിലെ ഉത്തരവുകളിൽ ഭേദഗതി വരുത്തി പഴയതു പോലെ അതാത് ജില്ലകളിലെ പി. എസ്. സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | സി) | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 1 ന്റെ സ്ഥാനക്കയറ്റം .സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റിൽ നിന്നും, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2 ന്റെ നിയമനം ഇപ്പോഴും ജില്ലാ റാങ്ക് ലിസ്റ്റിൽ നിന്നും ജില്ലാ തലത്തിൽ തന്നെയാണ് നടന്നുവരുന്നത്. |
| ഡി) | മലയോര മേഖലകളിൽ 3000 വും മറ്റ് സ്ഥലങ്ങളിൽ 5000 വും ജനസംഖ്യാനുപാതികമായി ഒരു സബ് സെന്റർ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ക്ഷണിച്ചുകൊണ്ട് വകുപ്പിൽ നിന്നും കീഴ്ഘടകങ്ങളിലേക്ക് ഒരു വർഷം മുമ്പ് അയച്ച കത്തുകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | ഡി) | മലയോര മേഖലകളിൽ 3000-നും മറ്റ് മേഖലയിൽ 5000-നും ജനസംഖ്യാനുപാതികമായി ഒരു സബ്സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് നിർദ്ദേശമൊന്നും നിലവിലില്ല. ജനസംഖ്യാനുപാതികമായി ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തിക സൃഷ്ടിക്കുന്നതിനു വേണ്ടി ലഭിക്കുന്ന അപേക്ഷയിൽ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാരോട് പ്രൊപ്പോസൽ അയച്ചുതരുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

Milan

സെക്ഷൻ ഓഫീസർ